**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1311** **19-06-2024 - ൽ മറുപടിയ്ക്ക്**

**വള്ളിക്കുന്ന് മണ്ഡലത്തിലെ ഇരുമ്പോത്തിങ്ങൽ പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വള്ളിക്കുന്ന് മണ്ഡലത്തിലെ കുട്ടുമൂച്ചി-ഇരുമ്പോത്തിങ്ങൽ-അത്താണിക്കൽ റോഡിലെ ചാലിക്കൽ തോടിന് കുറുകെയുള്ള ഇരുമ്പോത്തിങ്ങൽ പാലം പുതുക്കി പണിയുന്നതിന് സമർപ്പിച്ച എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | വള്ളിക്കുന്ന് മണ്ഡലത്തിലെ കുട്ടുമൂച്ചി-അത്താണിക്കൽ - ഇരുമ്പോത്തിങ്ങൽ റോഡിലെ ചാലിക്കൽ തോടിന് കുറുകെയുള്ള ഇരുമ്പോത്തിങ്ങൽ പാലം പുതുക്കി പണിയുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തിയ്ക്ക് ബജറ്റ് പ്രൊവിഷൻ 100 രൂപ മാത്രമായതിനാൽ ചീഫ് എഞ്ചിനീയർ സമർപ്പിച്ച 24.02.2024 തീയതിയിലെ പ്രൊപ്പോസൽ ധനവകുപ്പിന്റെ നിർദ്ദേശ പ്രകാരം പരിഗണിക്കാൻ സാധിച്ചിട്ടില്ല. |
| (ബി) | ചീഫ് ടെക്നിക്കൽ എക്സാമിനർ പ്രസ്തുത സ്ഥലം സന്ദർശനം നടത്തി പാലത്തിന്റെ ആവശ്യകത സംബന്ധിച്ച വിശദമായ റിപ്പോർട്ട് നൽകിയിട്ടും ധനകാര്യ വകുപ്പ് തുക അനുവദിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | എ പിരിവിന്റെ അതേ ഉത്തരം |
| (സി) | പ്രസ്തുത പാലം നിർമ്മാണത്തിന്റെ അനിവാര്യത ധനകാര്യ വകുപ്പിനെ ബോധ്യപ്പെടുത്തി ഫണ്ട് അനുവദിയ്ക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | നടപ്പ സാമ്പത്തിക വർഷത്തെ ബജറ്റ് പ്രൊവിഷൻ പരിശോധിച്ച് എസ്റ്റിമേറ്റ് പ്രൊപ്പോസൽ ചീഫ് എഞ്ചിനീയർ സമർപ്പിക്കുമ്പോൾ ഫണ്ട് അനുവദിക്കുവാനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ